# ജില്ലാ കോടതി, തലശ്ശേരി

ജില്ലാ കോടതി, തലശ്ശേരി,
തീയതി : 02-09-2026.
ഫോൺ : 04902341008.
ഇ മെയിൽ : dctly@kerala.gov.in

**No.DCTLY/8927/2026-JS1 DJ TLY KNR**

## വിജ്ഞാപനം

കണ്ണൂർ ജില്ലയിലെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി(POCSO) മട്ടന്നൂരിലേക്കും തളിപ്പറമ്പിലേക്കും താഴെ പറയുന്ന താൽക്കാലിക തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ് :- സിവിൽ ജുഡീഷ്യറി.**

| ക്രമ നമ്പർ | തസ്തിക | ശമ്പളം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | ടൈപ്പിസ്റ്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് | Rs.23360/- | 2 |

**യോഗ്യത :-**

1 അപേക്ഷകർ കോടതികളിൽ നിന്നോ, കോടതിയോട് സമാനതയുള്ള വകുപ്പുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നോ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് വിരമിച്ചവർ ആയിരിക്കണം.

2 അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.

3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.

നിയമനം തുടർച്ചയായ 179 ദിവസത്തേക്കോ, അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരിക, അതുവരെ ആയിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടേയും, യോഗ്യതകളുടേയും കൂടിക്കാഴ്ചകളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേക്ക് തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിൽ ആയിരിക്കും നിയമനം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ബയോഡാറ്റയും (മൊബൈൽ നമ്പറും, ഇമെയിൽ അഡ്രസ്സും ആധാർ കാർഡിന്റെ പകർപ്പ് ഉൾപ്പെടെ) വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന

സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **ജില്ലാ ജഡ്ജ്, ജില്ലാ കോടതി, തലശ്ശേരി, പിൻ- 670101**, എന്ന വിലാസത്തിൽ 11-09-2026 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കുന്ന വിധം നേരിട്ടോ,തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (NB: അപേക്ഷയിൽ മൊബൈൽ നമ്പർ/ ഇമെയിൽ ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്)

DISTRICT AND SESSIONS COURT THALASSERY 670 101

ജില്ലാ ജഡ്ജ്.

പകർപ്പ് :-

1. കണ്ണൂർ ജില്ലയിലെ സിവിൽ & ക്രിമിനൽ കോടതികൾക്ക്.
2. വെബ് സൈറ്റ്, ജില്ലാ കോടതി,തലശ്ശേരി.
3. നോട്ടിസ് ബോർഡ്, ജില്ലാ കോടതി,തലശ്ശേരി.
4. ഫയൽ / സ്റ്റോക്ക് ഫയൽ.

| അപേക്ഷ ഫോറം<br><br>(പ്രത്യേക അതിവേഗ കോടതികളിലേക്കുള്ള കരാർ നിയമനം) | |
|---|---|
| അപേക്ഷിക്കുന്ന തസ്തിക | |
| അപേക്ഷകന്റെയോ / അപേക്ഷികയുടെ പേര് (മലയാളത്തിൽ )<br><br>ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ | |
| മൊബൈൽ നമ്പർ | |
| വയസ്സ്, ജനന തീയ്യതി | |
| വിരമിച്ച തീയ്യതി<br><br>PPO Number<br><br>വിരമിച്ച തസ്തിക | |
| വിദ്യാഭ്യാസ യോഗ്യത | |
| സ്ഥിര മേൽവിലാസം | |
| ഇപ്പോഴത്തെ മേൽവിലാസം<br><br>ഇമെയിൽ അഡ്രസ്സ് | |
| പ്രവൃത്തി പരിചയം | |
| മറ്റു യോഗ്യതകൾ | |

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. പെൻഷൻ, വിദ്യാഭ്യാസ യോഗ്യതയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ഇതോടൊപ്പം ഹാജരാക്കുന്നു.

സ്ഥലം :

തീയ്യതി : (ഒപ്പ്)